19U252S (Pages: 2) Name........................

Reg. No.........................

## SECOND SEMESTER B.Com./B.B.A. DEGREE EXAMINATION APRIL 2020

(CUCBCSS - UG)

## CC17U MAL2 A08(2) – മലയാളസാഹിത്യപഠനം II

(Malayalam - Common course)

(2017, 2018 Admissions – Supplementary/Improvement)

Time: Three Hours Maximum: 80 Marks

I. **ഒറ്റവാക്കിൽ ഉത്തരമെഴുതുക:**

1. ''ഇതു വിചാരിച്ചില്ല. ഇത്ര വിചാരിച്ചില്ല. നന്നായി വളരെ നന്നായി'' – ആരുടെ വാക്കുകൾ ?
2. 'അച്ഛനും മകളും' ആരുടെ കൃതി ?
3. 'വജ്രകുണ്ഡലം' ആരെഴുതിയതാണ് ?
4. ദയാബായിയുടെ യഥാർത്ഥ പേരെന്ത് ?
5. ജെസ്സോർ റോഡിനടുത്തുകൂടി ഒഴുകുന്ന നദിയേത് ?
6. ''ഒന്നേ ലങ്കയ്ക്കില്ലാതുള്ളൂ'' – എന്താണത് ?
7. സോനയുടെ കുട്ടിക്കാലത്ത് പിതാവ് ചെയ്തിരുന്ന പണി എന്ത് ?
8. ''ലോകത്തെയെല്ലാമനുഗ്രഹിച്ചീടുവാൻ ദാഹിച്ചുനിൽക്കുന്ന ദേവൻ'' ഏത് ദേവനെക്കുറിച്ചാണ് കവി പറയുന്നത് ?
9. കേരള സാഹിത്യ അക്കാദമി അവാർഡ്, മുട്ടത്തുവർക്കി അവാർഡ് എന്നിവ സ്വന്തമാക്കിയ സേതുവിന്റെ കൃതിയേത് ?
10. രാവണന്റെ പത്നിയുടെ പേരെന്ത് ?

**(10 x ½ = 5 Marks)**

II. **ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

11. റോസി തോമസ് ആദ്യമായി സി.ജെ.തോമസിന് അയച്ച കത്തിന്റെ പ്രത്യേകതയെന്ത് ?
12. ''ഞാനൊന്നു ചോദിക്കട്ടേ സാദരം മഹാമുനേ'' കവി എന്താണ് ചോദിക്കുന്നത് ?
13. ''ഉണ്ടായ കാര്യങ്ങൾ മുഴുവൻ ഇദ്ദേഹത്തോടു പറയണം. ഞാൻ പറയാൻ ആരംഭിച്ചാൽ കരഞ്ഞുപോകും.'' കാര്യങ്ങൾ എന്തൊക്കെയായിരുന്നു?
14. ''ഒരു യുദ്ധത്തിലും ഹൃദ്യമായ ഈ അനുഭവം ഉണ്ടായിട്ടില്ല''. എന്തിനെക്കുറിച്ചാണ് രാവണൻ ഇപ്രകാരം പറയുന്നത് ?
15. ചിന്ത്വാഡായിലെ ആദിവാസികളായ ഗോണ്ടുകൾ കുന്നുകളോട് ചേർത്ത് വീടുവയ്ക്കാൻ കാരണമെന്ത് ?

**(5 x 2 = 10 Marks)**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.

16. ''എതിരേല്ക്കണം, നമുക്കിക്കുറി, വരുംകൊല്ല –
മാരെന്നുമെന്തെന്നുമാർക്കറിയാം.''

17. കഥാപാത്രനിരൂപണം തയ്യാറാക്കുക – സോന

18. ലളിതാംബിക അന്തർജ്ജനം മന്നത്തു പത്മനാഭനെ അനുസ്മരിക്കുന്നതെങ്ങനെ ?

19. തന്റെ നേട്ടങ്ങൾ ഇതിഹാസങ്ങളാണെന്ന് രാവണൻ പറയുവാൻ കാരണമെന്ത് ? വിശദമാക്കുക.

20. മഴയെ മണ്ണിലിരുത്തുവാനായി ദയാബായി തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാം ?

21. തലക്കെട്ടിന്റെ പ്രാധാന്യം ചർച്ച ചെയ്യുക. 'ദൂത്'

22. ''ധ്യാനത്തിലുൾച്ചേരുന്നാ സച്ചിദാനന്ദംതാനോ ?
മാനച്ചീയിളം പൂമൈ പുൽകലിലുളവായൊ–
രാനന്ദമിതോ ഭവാന്നധികം സമാസ്വാദ്യം''
കവി ഈ ചോദ്യം ചോദിക്കുവാനുണ്ടായ സാഹചര്യമേത് ? വിശദമാക്കുക.

**(5 x 5 = 25 Marks)**

IV. 300 വാക്കിൽ കവിയാതെ നാലു ചോദ്യങ്ങൾക്കുത്തരം എഴുതുക.

23. സി.ജെ.തോമസിന്റെ വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെ ആകർഷകമായി ചിത്രീകരിക്കുന്നതിനുള്ള ശ്രമമാണ് റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ'– വിശദമാക്കുക.

24. 'ദൂത്' ആവിഷ്കരിക്കുന്ന ആധുനിക ജീവിതസമസ്യകൾ എന്തെല്ലാം ? ഉപന്യസിക്കുക.

25. 'സഫലമീ യാത്ര' എന്ന കവിതയ്ക്കൊരാസ്വാദനം തയ്യാറാക്കുക.

26. കഥാപാത്രനിരൂപണം തയ്യാറാക്കുക.
രാവണൻ, മണ്ഡോദരി, സുപാർശ്വൻ, വിഭീഷണൻ, കുംഭകർണ്ണൻ

27. പുരാണകഥാസന്ദർഭത്തിന്റെ നാടകീയ പുനരാവിഷ്ക്കരണം എന്നനിലയിൽ 'അച്ഛനും മകളും' എന്ന കവിതയെ വിലയിരുത്തുക.

28. 'ഒട്ടുചെടി' എന്ന കഥ മുന്നോട്ടുവയ്ക്കുന്ന ജീവിതദർശനമെന്ത് ? – ഉപന്യസിക്കുക.

29. വെയിൽ വിരിച്ചിട്ട വരണ്ട മണ്ണിൽനിന്ന് മുളങ്കാടുകളുടെ തണുപ്പിലേക്ക് വിളകളുടെയും ഫലങ്ങളുടെയും ചെടികളുടെയും പൂക്കളുടെയും ഇനിപ്പത്തിലേക്ക് മണ്ണിനെ കൊണ്ടുവരുവാൻ ദയാബായി ഉപയോഗിച്ച വിവിധ മാർഗ്ഗങ്ങൾ എന്തെല്ലാം? അതിന്റെയെല്ലാം സമകാലിക പ്രസക്തിയെന്ത്? വിശദമാക്കുക.

**(4 x 10 = 40 Marks)**

*******